(11) സീൽ ഒഴിവാക്കി നല്കാൻ നടപടി

ശ്രീ. എം. പി. വിൻസെന്റ്: സർ, സംസ്ഥാനത്ത് അൻപതും അറുപതും വർഷങ്ങളായിട്ടും കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തവരുണ്ട്. തൃശ്ശൂർ ജില്ലയിൽ "സുപ്രീംകോടതിവിധിക്ക് വിധേയം" എന്ന സീൽ വച്ചുകൊണ്ട് നിരവധി പട്ടയം കൊടുത്തിട്ടുണ്ട്. അങ്ങനെ പട്ടയം ലഭിച്ച ഭൂമിയുടെ ഡോക്യുമെന്റ് ഏതെങ്കിലും രീതിയിൽ വായ്പ എടുക്കാനോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല. അത്തരമൊരു സാഹചര്യത്തിൽ ആ പട്ടയങ്ങളിൽ വച്ചിട്ടുള്ള "സുപ്രീം കോടതി വിധിക്ക് വിധേയം" എന്ന സീൽ മാറ്റിക്കൊണ്ട് ജി.ഒ.നമ്പർ (ഇ)456/2010/ ആർ.ഡി. എന്ന ഉത്തരവ് നിലവിൽ വരികയും അതുപ്രകാരം കേരളത്തിൽ ഇടുക്കി ഉൾപ്പെടെ പല ജില്ലകളിലും പട്ടയത്തിൽ വച്ചിട്ടുള്ള സീൽ നീക്കം ചെയ്ത് കൊടുത്തിട്ടുമുണ്ട്. എന്നാൽ അത്തരം ഒരു ഉത്തരവ് നിലവിലുള്ളപ്പോൾത്തന്നെ തൃശ്ശൂർ ജില്ലയിൽ പ്രസ്തുത സീൽ നീക്കം ചെയ്ത് കൊടുക്കാത്ത ഒരവസ്ഥ നിലനില്ക്കുകയാണ്. 1999-ലെ ആക്ട് അനുസരിച്ചാണ് പട്ടയം കൊടുക്കാൻ തീരുമാനം ഉണ്ടായിട്ടുള്ളത്. വനം പട്ടയം വരുമ്പോൾ പ്രത്യേകിച്ചും ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ് അതിന്റെ ലിസ്റ്റ് കേന്ദ്രസർക്കാരിന് സമർപ്പിച്ച് അനുവാദം കിട്ടുന്ന മുറയ്ക്കാണ് ആ ലിസ്റ്റിലുള്ളവർക്ക് പട്ടയം കൊടുത്തിട്ടുള്ളത്. അങ്ങനെ പട്ടയം കൊടുക്കുന്നതിനെതിരെ സ്വതന്ത്ര സംഘടനയായ നാഷണൽ ലേബേഴ്സ് മൂവ്മെന്റ് കേസ് കൊടുക്കുകയും ആ കേസിന്റെ ഭാഗമായി പട്ടയത്തിൽ സീൽ വച്ചിട്ടുള്ളത് നീക്കം ചെയ്യാൻ പാടില്ലായെന്ന വ്യവസ്ഥ ഉണ്ടാകുകയും ചെയ്തു. അതിനുശേഷം, 2010 സെപ്റ്റംബർ 18-ലെ ഉത്തരവ് പ്രകാരം സീൽ നീക്കം ചെയ്ത് പട്ടയം കൊടുക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇത്തരം ഒരു ഓർഡർ ഉണ്ടായിട്ടുപോലും തൃശ്ശൂർ ജില്ലയിൽ നാലായിരത്തോളം വരുന്ന ആളുകൾക്ക് പട്ടയം കൊടുക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥന്മാർ അനാവശ്യമായ തടസ്സങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ തൃശ്ശൂർ ജില്ലയിലെ ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ നിർദ്ദേശം നല്കി സാധാരണക്കാർക്ക് പട്ടയം കൊടുക്കാനുള്ള സമീപനം ഉണ്ടാക്കണമെന്ന് താഴ്മയോടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 1993-ലെ കേരള ഭൂമി പതിവ് (1-1-1997-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക നിയമം) നിയമത്തിന്റെ തുടർച്ചയായി, വനഭൂമി പതിവ് നിയമവുമായി ബന്ധപ്പെട്ട് 18-11-2010-ലെ ജി.ഒ.(പി)456/2010/ആർ.ഡി. നമ്പർ ഗവൺമെന്റ് ഉത്തരവു

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം റൂൾ 3-ന് വിധേയമായ ആവശ്യങ്ങൾക്കായി പട്ടയം ലഭിച്ച വനഭൂമി കൈമാറ്റം ചെയ്യാവുന്നതാണ്. വനഭൂമി കയ്യേറ്റക്കാർക്ക് ഭൂമി പതിച്ചു നല്കുന്നതിനെതിരെ പരിസ്ഥിതി പ്രവർത്തകർ സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിന്മേലുള്ള (സിവിൽ അപ്പീൽ നമ്പർ 2116/2000 കേസിനോടനുബന്ധിച്ചുള്ള) 20-3-2009-ലെ വിധിയുടെ അടിസ്ഥാനത്തിൽ ഈ കാലയളവിൽ അനുവദിച്ച പട്ടയങ്ങളിൽ "സുപ്രീംകോടതിവിധിക്ക് വിധേയം" എന്ന മുദ്ര പതിപ്പിച്ചിരുന്നു. നിരവധിപേർ പ്രസ്തുത നിബന്ധനാ സീൽ റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും 1-8-2011-ലെ 27135/ഫി2/റവ./2011 നമ്പർ ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും 1993-ലെ ഭൂമി പതിവ് നിയമം പ്രത്യേക ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ള പട്ടയങ്ങളിലെ നിബന്ധനാ സീൽ റദ്ദ് ചെയ്യുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതും ആയതുപ്രകാരം പ്രസ്തുത രീതിയിലുള്ള അപേക്ഷകൾ പരിശോധിച്ച് സ്പെഷ്യൽ തഹസീൽദാർ നടപടി സ്വീകരിച്ചു വരുന്നതുമാണ്. ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ചകൾ ഉണ്ടാകുന്നുണ്ട് എന്നതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രത്യേകമായി എടുത്തുപറഞ്ഞത്. തീർച്ചയായും അത്തരം കാര്യങ്ങളിൽ ഒരു പരിശോധന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രത്യേകിച്ച്, കർഷകരെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രധാനപ്പെട്ട വിഷയമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നല്കുന്നതാണ്.

(12) എൻ. കൃഷ്ണപിള്ളയ്ക്ക് സ്മാരകം

<u>ശ്രീ. വർക്കല കഹാർ</u>: സർ, ലോകപ്രശസ്ത നാടകകൃത്തും സാഹിത്യകാരനുമായ ഇബ്സൻ-ന്റെ പേരിൽ, 'കേരള ഇബ്സൻ' എന്ന് അറിയപ്പെടുന്ന മലയാള സാഹിത്യത്തിലെ അതുല്യ പ്രതിഭയായിരുന്ന എൻ. കൃഷ്ണപിള്ള. അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമാണ് 2015. എഴുത്തുകാരനായും സാഹിത്യ ഗവേഷകനായും പ്രഭാഷകനായും അദ്ധ്യാപകനായും പ്രൊഫ. എൻ. കൃഷ്ണപിള്ള മലയാള സാഹിത്യത്തിനു നൽകിയ സംഭാവന വളരെ വലുതാണ്. വർക്കലയിലെ ചെമ്മരുതിയിൽ ജനിച്ച് ശിവഗിരി ശ്രീനാരായണ സ്കൂളിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ ജന്മശതാബ്ദി ആഘോഷങ്ങൾ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ വർക്കലയിൽവച്ച് സമുചിതമായി സംഘടിപ്പിക്കണമെന്നും അദ്ദേഹത്തിന് ഉചിതമായൊരു സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നുമുള്ള ആവശ്യങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly